"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് തച്ചനാട്ടുകര ലെഗസി എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. രാധിക സി.യും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യൂ.പി(സി)നം.4124/2022-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 01.11.2022-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1057/2023/GEDN തീയതി, തിരുവനന്തപുരം, 06-02-2023

---

പരാമർശം:-

1. പാലക്കാട് തച്ചനാട്ടുകര ലെഗസി എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. രാധിക സി.യും മറ്റുള്ളവരും ചേർന്ന് സർക്കാരിൽ സമർപ്പിച്ച 29/12/2021 തീയതിയിലെ പുന:പരിശോധനാ ഹർജികൾ(Ext.P14).
2. ബഹു. കേരള ഹൈക്കോടതിയുടെ 01.11.2022-ലെ W.P.(C) No. 4124/2022-ന്മേലുള്ള വിധിന്യായം.
3. മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20/12/2022, തീയതിയിലെ സി/384/2022 നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 22/12/2022, തീയതിയിലെ DDEPKD/679/2022-B2 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/12/2022 തീയതിയിലെ ജി1/17175/2022/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് തച്ചനാട്ടുകര ലെഗസി എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. രാധിക സി.യും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി)നം. 4124/2022-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (2) വിധിന്യായത്തിൽ ഹർജിക്കാർ സർക്കാർ മുൻപാകെ ഫയൽ ചെയ്ത പരാമർശം (1) (Ext.P14) പുന:പരിശോധനാ ഹർജി ഹർജിക്കാരെയും 6, 7 എതിർ കക്ഷികളെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയത് പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 23.12.2022 -ന് ഗൂഗിൾ മീറ്റ് സംവിധാനം വഴി കേട്ടു.

**2. ഹർജിക്കാരുടെ(2 to 6)യും മാനേജരുടെയും വാദം ചുവടെ ചേർക്കുന്നു:**

**"1) രാധിക സി.**

ശ്രീമതി.രാധിക സി.യെ മാനേജർ 8.6.2017 പ്രാബല്യത്തിൽ 2017-18 അക്കാദമിക വർഷം അനുവദനീയമായ അധിക തസ്തികയിൽ നിയമിച്ചു. ശ്രീമതി.രാധിക സി. ടി.ടി.സി. ഹോൾഡറും കെ-ടെറ്റ് നിയമന തീയതിക്കുശേഷം 2018-ൽ പാസ്സായിട്ടുള്ള അദ്ധ്യാപികയുമാണ്. ആയതിനാൽ എൽ.പി.എസ്.എ. തസ്തികയിലോ/യു.പി.എസ്.എ തസ്തികയിലോ നിയമനത്തിന് പൂർണ്ണ യോഗ്യത നേടിയ അദ്ധ്യാപികയാണ്. 8.6.2017 പ്രാബല്യത്തിലുള്ള യു.പി.എസ്.എ. തസ്തികയിലെ നിയമനാംഗീകാരത്തിനുള്ള ശിപാർശ മാനേജർ യഥാസമയം മണ്ണാർക്കാട് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും താഴെപറയുന്ന കാരണങ്ങളാൽ നിയമനാംഗീകാരം നിരസിച്ചു.

1. 3.2.2016-ലെ ജി.ഒ.(പി)199/2016/പൊ.വി.വ പ്രകാരം അധിക തസ്തികയിൽ 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകൻ/പുതുതായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർ എന്ന മുറയ്ക്ക് നിയമനം നടത്തേണ്ടതാണ്.

2. ശ്രീമതി. രാധിക സി. കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല.

ശ്രീമതി. രാധിക സി. 2018-ൽ കെടെറ്റ്-1, 2020-ൽ കെ-ടെറ്റ്-2 ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ള അദ്ധ്യാപികയാണ്.

**2) ശ്രീമതി.അജിത സി.**

ടിയാളെ മാനേജർ 10.6.2017 പ്രാബല്യത്തിൽ അനുവദനീയമായ യു.പി.എസ്.എ. തസ്തികയിൽ നിയമിച്ചു. ടിയാൾ ടി.ടി.സി. ഹോൾഡറാണ്. ടിയാളുടെ നിയമനാംഗീകാരത്തിനുള്ള ശിപാർശ മാനേജർ യഥാസമയം മണ്ണാർക്കാട് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും താഴെ പറയുന്ന കാരണങ്ങളാൽ നിയമനാംഗീകാരം നിരസിച്ചു.

1. ശ്രീമതി.അജിത സി.യെ നിലനിർത്തുന്നതിനുള്ള തസ്തിക ലഭ്യമല്ല.
2. 03.2.2016-ലെ ജി.ഒ.(പി).199/2016/പൊ.വി.വ പ്രകാരം അധിക തസ്തികയിൽ 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകൻ/പുതുതായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർ എന്ന മുറയ്ക്ക് നിയമനം നടത്തേണ്ടതാണ്.
3. ശ്രീമതി.അജിത സി. കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല.

ശ്രീമതി.അജിത സി. 2019-ൽ കെ-ടെറ്റ് കാറ്റഗറി-1 പാസ്സായിട്ടുള്ളതാണ്. ആയതിനാൽ എൽ.പി.എസ്.എ/യു.പി.എസ്.എ തസ്തികയിൽ പൂർണ്ണയോഗ്യത നേടിയിട്ടുള്ള അദ്ധ്യാപികയുമാണ്.

**3. ശ്രീ. ഹാരിസ് പി.**

ടിയാളെ മാനേജർ 11.6.2018 പ്രാബല്യത്തിൽ 2018-19-ൽ അനുവദിക്കാവുന്ന അധിക എൽ.പി.എസ്.എ. തസ്തികയിൽ നിയമിച്ചു. നിയമനാംഗീകാരത്തിനുള്ള ശിപാർശ യഥാസമയം മാനേജർ മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും താഴെ പറയുന്ന കാരണങ്ങളാൽ നിയമനാംഗീകാരം നിരസിച്ചു.

1) നിയമിതനായ ആൾക്ക് കെ-ടെറ്റ് യോഗ്യതയില്ല.
2) 29.1.2016 മുതൽ അധിക തസ്തികയിലെ നിയമനങ്ങൾ കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം

7(1), 7(2) എന്നിവ പ്രകാരം 1:1 അനുപാതത്തിൽ ആദ്യ ഒഴിവിൽ സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്.

ശ്രീ. ഹാരിസ് പി. ടി.ടി.സി. യോഗ്യതയും 2019-ൽ കെ-ടെറ്റ് യോഗ്യതയും നേടിയിട്ടുള്ള അദ്ധ്യാപകനാണ്.

**4. ശ്രീമതി. ഉമ്മുൽ ഫലൈല സി.**

ടിയാളെ മാനേജർ 2018-19-ൽ അനുവദനീയമായ അധിക യു.പി.എസ്.എ. തസ്തികയിൽ നിയമിച്ചു. നിയമനാംഗീകാരത്തിനുള്ള ശിപാർശ യഥാസമയം മാനേജർ മണ്ണാർക്കാട് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും താഴെപറയുന്ന കാരണങ്ങളാൽ നിയമനാംഗീകാരം നിരസിച്ചു.

1. കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം 1, 2 പ്രകാരം 29.1.2016-ന് ശേഷമുള്ള അധിക തസ്തികയിൽ 1:1 അനുപാതത്തിൽ ആദ്യ ഒഴിവിൽ സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്.
2. അപേക്ഷകൻ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല.

ശ്രീമതി. ഉമ്മുൽ ഫലൈല സി. ടി.ടി.സി ഹോൾഡറും 2019-ൽ കെ-ടെറ്റ് കാറ്റഗറി-2 പാസ്സായിട്ടുള്ളതുമാണ്. ആയതിനാൽ എൽ.പി.എസ്.എ./യു.പി.എസ്.എ. തസ്തികയിൽ പൂർണ്ണയോഗ്യത നേടിയിട്ടുള്ള അദ്ധ്യാപികയുമാണ്.

**5. ശ്രീമതി. ഫാത്തിമത് നിഷാബി കെ.കെ.**

ടിയാളെ മാനേജർ 1.6.2018 പ്രാബല്യത്തിൽ ഈ സ്കൂളിലെ റഗുലർ എൽ.ജി.ഹിന്ദി അദ്ധ്യാപികയായ ശ്രീമതി.കോമളവല്ലി പി. 31.3.2018-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ നിയമിച്ചു. നിയമനാംഗീകാരത്തിനുള്ള ശുപാർശ മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് മാനേജർ യഥാസമയം സമർപ്പിച്ചുവെങ്കിലും താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ച് ഉത്തരവായി.

1. 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടി വിദ്യാലയത്തിൽനിന്നും തസ്തിക നഷ്ടപ്പെട്ട് പുറത്തായിരുന്ന ശ്രീ. സുബ്രഹ്മണ്യൻ എന്ന അദ്ധ്യാപകനെ ശ്രീമതി. കോമളവല്ലി പി. 31.3.2018-ൽ വിരമിച്ച ഒഴിവിൽ നിലനിർത്തിയിട്ടുണ്ട്. 2017-18 വർഷം ഹിന്ദിക്ക് അനുവദിച്ച അധിക തസ്തികയിലാണ് ടിയാനെ നേരത്തെ നിലനിർത്തിയിരുന്നത്. ആയതിനാൽ ഈ നിയമനം 2017-18-ലെ അധിക തസ്തികയിലേ കണക്കാക്കാൻ ആവുകയുള്ളൂ.
2. 29.1.2016-ന് ശേഷമുള്ള അധികതസ്തികയിലെ നിയമനങ്ങൾ കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 2 പ്രകാരം 1:1 അനുപാതത്തിൽ ആദ്യ ഒഴിവിൽ സംരക്ഷിത അദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്.
3. അപേക്ഷകൻ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല.

മണ്ണാർക്കാട് ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ മേൽപ്പറഞ്ഞ ഉത്തരവ് വസ്തുതാപരമായി ശരിയല്ല.

താഴെ പറയുന്ന കാരണങ്ങളാൽ ശ്രീമതി. ഫാത്തിമത് നിഷാബി കെ.കെ.യുടെ 1.6.2018 പ്രാബല്യത്തിലുള്ള റിട്ടയർമെന്റ് ഒഴിവിലെ എൽ.ജി.ഹിന്ദി ടീച്ചർ തസ്തികയിലെ നിയമനം പൂർണ്ണമായും അംഗീകാരയോഗ്യമാണ്.

1) 3.12.2016-ലെ ജി.ഒ.(പി)199/2016/പൊ.വി.വ പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ

അദ്ധ്യായം 21 ചട്ടം 7-ൽ അധിക തസ്തികകളിൽ സംരക്ഷിതാദ്ധ്യാപകരെയും മാനേജർ നിയമിക്കുന്ന അദ്ധ്യാപകരെയും 1:1 അനുപാതത്തിൽ അംഗീകരിക്കുന്നതിന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 28.2.2019-ലെ ജി.ഒ.(പി)3/2019/പൊ.വി.വ പ്രകാരം പുറപ്പെടുവിച്ച ഭേദഗതി ഉത്തരവിൽ ചട്ടം 43, 51എ, 51ബി അവകാശികളെ അഡീഷണൽ തസ്തികയിൽ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. തുടർന്ന് 8.3.2019-ലെ ജെ2/57/2019/പൊ.വി.വ-ലും ചട്ടം 43, 51എ, 51ബി അവകാശികളെ ആദ്യമുണ്ടാകുന്ന അഡീഷണൽ തസ്തികയായാലും റിട്ടയർമെന്റ് ഒഴിവിലായാലും നിയമിക്കുന്നതിന് തടസ്സമില്ലാത്തതാണ്. ഈ സ്കൂൾ 1936-ൽ തുടങ്ങിയതായതിനാൽ പുതുതായി തുടങ്ങിയ സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നതുമില്ല.

2. 2014-15 അക്കാദമിക വർഷം 2 എൽ.ജി.ഹിന്ദി ടീച്ചർ തസ്തിക അനുവദിച്ചിരുന്നു. എന്നാൽ 2015-16-ലെ തസ്തിക നിർണ്ണയ ഉത്തരവിൽ ഒരു എൽ.ജി.ഹിന്ദി ടീച്ചർ തസ്തിക മാത്രമേ അനുവദിച്ചിരുന്നുള്ളു. ആയതിനാൽ 2015-16 വരെ അംഗീകൃത തസ്തികയിൽ സേവനം അനുഷ്ഠിച്ചു വന്നിരുന്ന ശ്രീ. സുബ്രഹ്മണ്യൻ ജൂനിയർ ഹിന്ദി ടീച്ചർ ആയതിനാൽ ടിയാളെ സംരക്ഷണാനുകൂല്യത്തിൽ നിർത്തിയിരുന്നു. 2017-18-ൽ വീണ്ടും രണ്ട് എൽ.ജി.ഹിന്ദി ടീച്ചർ തസ്തിക അനുവദിക്കുമ്പോൾ പുതുതായി അനുവദിച്ച എൽ.ജി.ഹിന്ദി ടീച്ചർ തസ്തികയിൽ സംരക്ഷിതാദ്ധ്യാപകനും ചട്ടം 51എ അവകാശിയുമായ ശ്രീ. സുബ്രഹ്മണ്യനെ പുതുതായി അനുവദിച്ച തസ്തികയിൽ നിയമിക്കുകയും നിയമനാംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ചട്ടം 51എ അവകാശി എന്ന നിലയിലാണ് ടിയാളെ അഡീഷണൽ തസ്തികയിൽ 8.3.2019-ലെ ജെ2/57/2019/പൊ.വി.വ സർക്കുലറിലെ വിശദീകരണപ്രകാരം അംഗീകാരം നൽകിയത്. ആയതിനാൽ 2018-19-ൽ സീനിയർ എൽ.ജി.ഹിന്ദി ടീച്ചർ ആയ ശ്രീമതി. കോമളവല്ലി സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ ഉണ്ടായ ഒഴിവിൽ ശ്രീ. സുബ്രഹ്മണ്യനെ മാറ്റി നിയമിക്കേണ്ട ആവശ്യം ഉണ്ടാകുന്നില്ല. അക്കാരണത്താൽ തന്നെ 1.6.2018-ലെ റിട്ടയർമെന്റ് ഒഴിവിൽ ശ്രീമതി.ഫാത്തിമത് നിഷാബി കെ.കെ.യുടെ നിയമനം അംഗീകരിച്ച് ഉത്തരവാകേണ്ടതാണ്.

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ-യിലെ ചട്ടം 51എ-യുടെ കുറിപ്പ് 1എ താഴെ ഉദ്ധരിക്കുന്നു-

Note 1A :- Fresh appointments to vacancies arising in the same or higher or lower category of Teaching posts under the Educational Agency shall be made only after providing reappointments to such teachers thrown out from service and protected teachers available under the Educational Agency.

ആയതിനാൽ ഇതേ എഡ്യൂക്കേഷണൽ ഏജൻസിയിൽ നിന്നും തസ്തിക നഷ്ടപ്പെട്ട് പുറത്തുപോയ അദ്ധ്യാപകർക്കാണ് സംരക്ഷിതാദ്ധ്യാപകൻ എന്ന നിലയ്ക്ക് മുന്തിയ പരിഗണന നൽകേണ്ടത്. അക്കാരണത്താൽ തന്നെ ശ്രീ. സുബ്രഹ്മണ്യനെ 2017-18-ൽ ഉണ്ടായ അധിക എൽ.ജി.ഹിന്ദി ടീച്ചർ തസ്തികയിൽ സംരക്ഷിതാദ്ധ്യാപകൻ എന്ന നിലയ്ക്ക് പുനർനിയമിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ 1.6.2018-ൽ ഉണ്ടായ റിട്ടയർമെന്റ് ഒഴിവിൽ ശ്രീമതി. ഫാത്തിമത് നിഷാബി കെ.കെ.യുടെ നിയമനം അംഗീകരിച്ച് ഉത്തരവാകേണ്ടതാണ്.

**6. ശ്രീമതി. ഷഹർബാനു പി.**

31.3.2019-ൽ ശ്രീമതി. ചന്ദ്രിക എം. എന്ന റഗുലർ യു.പി.എസ്.എ. സർവ്വീസിൽ നിന്നും വിരമിച്ചതുമൂലം ഒഴിവുണ്ടായി. എന്നാൽ ഈ തസ്തികയിൽ മണ്ണാർക്കാട് ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ മുൻ നിലപാടുകൾ അനുസരിച്ച് 2017-18-ൽ അധിക തസ്തികയിൽ നിയമിച്ചിരുന്ന ശ്രീമതി. രാധിക സി.യെ മാറ്റി നിയമിച്ചിരുന്നു. ഇപ്രകാരം രാധിക

സി.യെ റിട്ടയർമെന്റ് ഒഴിവിലേക്ക് മാറ്റി നിയമിച്ച ഒഴിവിലാണ് ശ്രീമതി. ഷഹർബാനു പി.യെ മാനേജർ 6.6.2019 പ്രാബല്യത്തിൽ യു.പി.എസ്.എ. തസ്തികയിൽ നിയമിച്ചത്.

നിയമനാംഗീകാരത്തിനുള്ള ശുപാർശ മാനേജർ മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും താഴെ പറയുന്ന കാരണങ്ങളാൽ നിയമനാംഗീകാരം നിരസിച്ചു.

1). സ്വാഭാവ സർട്ടിഫിക്കറ്റ് നിർദ്ദിഷ്ട ഫോമിലല്ല.

2). അധിക തസ്തികയിലെ നിയമനമാണ്.

കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 7 പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് കാണുന്നില്ല. സീനിയർ നിയമനം അംഗീകരിച്ച് നൽകാനുമുണ്ട്.

താഴെ പറയുന്ന കാരണങ്ങളാൽ ഹർജിക്കാരായ 1,2,3,4,6 ക്രമനമ്പറിലുള്ള യു.പി.എസ്.എ/എൽ.പി.എസ്.എ തസ്തികയിലുള്ള അദ്ധ്യാപകരുടെ നിയമനങ്ങൾ നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി ഉത്തരവാകാവുന്നതാണ്. (ക്രമ നമ്പർ 5 ആയ ശ്രീമതി. ഫാത്തിമത് നിഷാബി കെ.കെ. എൽ.ജി.ഹിന്ദി ടീച്ചർ തസ്തികയിൽ നിയമിക്കപ്പെട്ട അദ്ധ്യാപികയായതിനാൽ ടിയാളുടെ നിയമനം ഡിവിഷനുകളുടെ അടിസ്ഥാനത്തിലുള്ള എൽ.പി.എസ്.എ./യു.പി.എസ്.എ തസ്തികയിൽപ്പെടാത്തതിനാൽ ശ്രീമതി. കോമളവല്ലി 1.6.2018 പ്രാബല്യത്തിൽ വിരമിച്ച ഒഴിവിൽ ടിയാളുടെ നിയമനം അംഗീകരിക്കുന്നതിന് കാര്യകാരണ സഹിതം മുകളിൽ സമർപ്പിച്ചുകഴിഞ്ഞിട്ടുള്ളതാണ്).

2016-17 അക്കാദമിക വർഷത്തിൽ താഴെപറയുന്ന രണ്ട് അദ്ധ്യാപകർ സർവ്വീസിൽ നിന്നും വിരമിച്ചിരുന്നു.

1) ശ്രീ. ജയകുമാർ എം. യു.പി.എസ്.ടി. (31.3.2016-ൽ വിരമിച്ചു)

2) ശ്രീ.രാമചന്ദ്രൻ പി.കെ. യു.പി.എസ്.ടി (31.3.2016-ൽ വിരമിച്ചു).

കൂടാതെ 2016-17 അക്കാദമിക വർഷം യു.പി.എസ്.എ. തസ്തികയിൽ 2 അധിക തസ്തികകളും ഒരു എച്ച്.ടി.വി.(പ്രധാനാദ്ധ്യാപകനെ ക്ലാസ് ചാർജ്ജിൽനിന്നും ഒഴിവാക്കുമ്പോൾ അനുവദിക്കാവുന്ന തസ്തിക) അനുവദിച്ചിരുന്നു.

യു.പി.എസ്.ടി/എൽ.പി.എസ്.ടി തസ്തികകളിലായി 2015-16-ൽ തസ്തിക നഷ്ടപ്പെട്ട് താഴെ പറയുന്ന അദ്ധ്യാപകരെ സംരക്ഷണാടിസ്ഥാനത്തിൽ നിലനിർത്തിയിരുന്നു.

1) പി.രജനി എൽ.പി.എസ്.എ. 2) വി.രുഗ്മിണി എൽ.പി.എസ്.എ. 3) കെ.പി.ശ്രീജ എൽ.പി.എസ്.എ. 4) പി.ജി.പ്രീനാമോൾ യു.പി.എസ്.എ. 5) എം.ചന്ദ്രമോഹനൻ യു.പി.എസ്.എ.

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 14എ ചട്ടം 51എ പ്രകാരം തസ്തിക നഷ്ടപ്പെട്ട് പുറത്തുപോയവരും സംരക്ഷണാവകാശമുള്ളവരും മാതൃസ്കൂളിലെ ചട്ടം 51എ അവകാശികളാണ്. ചട്ടം 51എ പ്രകാരം തസ്തിക നഷ്ടപ്പെടുന്നവരെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ അതേ തസ്തികയിലോ ഉയർന്ന തസ്തികയിലോ താഴ്ന്ന തസ്തികയിലോ ചട്ടപ്രകാരം പുനർനിയമിക്കാവുന്നതാണ്. ആയതിനാൽ 2016-17-ൽ ഉണ്ടായ വിരമിക്കൽ ഒഴിവിൽ സംരക്ഷിതാദ്ധ്യാപകരായ ശ്രീമതി.പി.രജനി, ശ്രീമതി.വി.രുഗ്മിണി എന്നിവരെ യു.പി.എസ്.എ.തസ്തികയിൽ പുനർനിയമിച്ചിട്ടുള്ളതുമാണ്. എന്നാൽ അഡീഷണൽ തസ്തികയിൽ നിയമിക്കപ്പെട്ട ഇവരെ പിന്നീടുണ്ടായ റിട്ടയർമെന്റ് ഒഴിവിലേക്ക് മാറ്റി നിയമിക്കണമെന്നുള്ള വിചിത്രമായ വാദമാണ് മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ചിട്ടുള്ളത്. ഇത് ചട്ടത്തിന് വിരുദ്ധമായ വാദമാണ്.

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 21 ചട്ടം 7-ൽ വരുത്തിയ 3.12.2016-ലെ ജി.ഒ.(പി) 199/2016/പൊ.വി.വ-ന് അനുസൃതമായ ഭേദഗതി പ്രകാരം അഡീഷണൽ തസ്തികയിൽ

സംരക്ഷണാദ്ധ്യാപകരെ നിയമിക്കണമെന്ന് ഉത്തരവായിരുന്നു. എന്നാൽ 26.2.2019-ലെ ജി.ഒ.(പി)3/2019/പൊ.വി.വ പ്രകാരം ചട്ടം 7-ൽ വരുത്തിയ ഭേദഗതി പ്രകാരം ചട്ടം 43, 51എ, 51ബി അവകാശികളെ അഡീഷണൽ തസ്തികയിൽ നിയമിക്കാവുന്നതാണ് എന്ന് ഉത്തരവായിട്ടുള്ളതാണ്.

8.3.2019-ലെ ജെ2/57/2019/പൊ.വി.വ സർക്കുലറിലെ വിശദീകരണ പ്രകാരം അഡീഷണൽ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് ചട്ടം 43, 51എ, 51ബി അവകാശികൾക്ക് മുൻഗണന നൽകേണ്ടതാണെന്ന് സർക്കാർ വിശദീകരിച്ചിട്ടുള്ളതുമാണ്. ആയതിനാൽ 2016-17-ൽ ഉണ്ടായ 2 അഡീഷണൽ തസ്തികകളിൽ ചട്ടം 51എ അവകാശികളായ ശ്രീമതി.കെ.പി.ശ്രീജ എൽ.പി.എസ്.എ, ശ്രീമതി. പി.ജി.പ്രീനാമോൾ യു.പി.എസ്.എ. എന്നിവർക്ക് പുനർനിയമനം നൽകി ഉത്തരവായിട്ടുള്ളതുമാണ്. ഈ രണ്ട് അധ്യാപകരെ പിന്നീടുണ്ടാകുന്ന വിരമിക്കൽ ഒഴിവിലേക്ക് മാറ്റി നിയമിക്കണമെന്ന മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വാദം ചട്ടത്തിന് വിരുദ്ധവുമാണ്.

2016-17-ൽ 2 അഡിഷണൽ യു.പി.എസ്.എ. തസ്തികക്ക് പുറമെ ഒരു എച്ച്.ടി.വി. തസ്തികയും അനുവദിച്ചിട്ടുള്ളതാണ്. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം സംരക്ഷണാദ്ധ്യാപകരെ മാത്രമേ എച്ച്.ടി.വി. ഒഴിവിലേക്ക് നിയമിക്കാൻ കഴിയുകയുള്ളൂ. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 51എ യുടെ രണ്ടാമത്തെ പ്രൊവിസോ താഴെ ഉദ്ധരിക്കുന്നു-

"Provided further that the first preference under this rule shall be given to protected teachers belonging to the same educational agency (belonging to the same educational agency എന്ന ഭേദഗതി 5.7.2012-ലെ ജി.ഒ.(പി) 192/12/പൊ.വി.വ. പ്രകാരമാണ് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന കാര്യം ശ്രദ്ധേയമാണ്). ആയതിനാൽ സംരക്ഷിതാദ്ധ്യാപകർ എന്ന നിലയിൽ അതേ എഡ്യുക്കേഷണൽ ഏജൻസിയിൽ നിന്നും തസ്തിക നഷ്ടപ്പെട്ട് പുറത്തുപോയ സംരക്ഷിതാദ്ധ്യാപകർക്ക് മുൻഗണന നൽകേണ്ടതുള്ളതിനാൽ 2016-17-ൽ അനുവദിച്ച എച്ച്.ടി.വി. ഒഴിവിൽ ശ്രീ. ചന്ദ്രമോഹനൻ എം.ന് പുനർനിയമനം നൽകി ഉത്തരവായതാണ്. ഇദ്ദേഹത്തെ ഇനി ഉണ്ടാകുന്ന ഒഴിവിലേക്ക് മാറ്റി നിയമിക്കണമെന്ന മണ്ണാർക്കാട് എ.ഇ.ഒ.യുടെ വാദം ചട്ടത്തിന് വിരുദ്ധമാണ്.

മേൽപ്പറഞ്ഞ പ്രകാരം 2015-16-ൽ തസ്തിക നഷ്ടപ്പെട്ട് പുറത്തു പോയ എല്ലാ അദ്ധ്യാപകരെയും 2016-17-ൽ ഉണ്ടായ റിട്ടയർമെന്റ് ഒഴിവിലും അധിക തസ്തികയിലെ ഒഴിവിലും എച്ച്.ടി.വി. ഒഴിവിലും പുനഃക്രമീകരിച്ച് കഴിഞ്ഞിട്ടുള്ളതാണ് എന്നത് പരിഗണിക്കേണ്ട വിഷയമാണ്. 2016-17-ൽ അനുവദിച്ച അതേ തസ്തികകളും അതേ ഡിവിഷനുകളുമാണ് 2017-18-ൽ നിലനിൽക്കുന്നത്. എന്നാൽ 2017-18-ൽ താഴെപറയുന്ന രണ്ട് അദ്ധ്യാപകർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്.

1) ശ്രീ.മുരളീധരൻ പി.ബി. എൽ.പി.എസ്.ടി(31.5.2017-ൽ റിട്ടയർ ചെയ്തു)
2) ശ്രീ.രാജഗോപാലൻ പി. എൽ.പി.എസ്.ടി (30.6.2017-ൽ റിട്ടയർ ചെയ്തു)

ഒന്നാം ഹർജിക്കാരിയായ ശ്രീമതി. രാധിക സി.യെ 8.6.2017-ൽ മാനേജർ യു.പി.എസ്.എ. തസ്തികയിലാണ് നിയമിച്ചിരുന്നതെങ്കിലും ടിയാൾ ടിടിസി യോഗ്യതയുള്ളയാളും കെ-ടെറ്റ് പാസ്സായിട്ടുള്ള അദ്ധ്യാപികയുമാണ്. ആയതിനാൽ എൽ.പി.എസ്.എ. തസ്തികയിലോ/യു.പി.എസ്.എ. തസ്തികയിലോ നിയമിക്കപ്പെടുന്നതിന് പൂർണ്ണയോഗ്യതയുള്ള അദ്ധ്യാപികയുമാണ്. ആയതിനാൽ ശ്രീ.പി.ബി. മുരളീധരൻ, എൽ.പി.എസ്.എ. 31.5.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ, എൽ.പി.എസ്.എ. തസ്തികയിൽ തന്നെ ക്രമീകരിച്ച് നിയമന തീയതിയായ 8.6.2017 മുതൽ നിയമനം അംഗീകരിച്ച് ഉത്തരവാകാവുന്നതാണ്.

രണ്ടാം ഹർജിക്കാരിയായ ശ്രീമതി.അജിത സി.യെ യു.പി.എസ്.എ. തസ്തികയിലാണ് മാനേജർ നിയമിച്ചതെങ്കിലും ടിയാൾ ടിടിസി യോഗ്യതയുള്ളയാളും കെ-ടെറ്റ് പാസ്സായിട്ടുള്ള അദ്ധ്യാപികയുമാണ്. ആയതിനാൽ എൽ.പി.എസ്.എ. തസ്തികയിലോ /യു.പി.എസ്.എ. തസ്തികയിലോ നിയമിക്കപ്പെടുന്നതിന് പൂർണ്ണയോഗ്യതയുള്ള അദ്ധ്യാപികയുമാണ്. അതിനാൽ ശ്രീ.രാജഗോപാലൻ പി. എൽ.പി.എസ്.എ. 30.6.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ, എൽ.പി.എസ്.എ. തസ്തികയിൽ തന്നെ ക്രമീകരിച്ച് നിയമനതീയതിയായ 10.6.2017 മുതൽ നിയമനം അംഗീകരിച്ച് ഉത്തരവാകാവുന്നതാണ്.

2018-19-ൽ ഒരു എൽ.പി.എസ്.എ. തസ്തികയും ഒരു യു.പി.എസ്.എ. തസ്തികയും അധികമായി അനുവദിച്ചിട്ടുള്ളതാണ്. ഈ തസ്തികകളിൽ മൂന്നാം ഹർജിക്കാരനായ ശ്രീ. ഹാരിസ് പി.ക്കും, നാലാം ഹർജിക്കാരിയായ ശ്രീമതി. ഉമ്മുൽ ഫലൈല സി.ക്കും താഴെപറയുന്ന പ്രകാരം നിയമനാംഗീകാരം നൽകാവുന്നതാണ്.

ഹാരിസ് പി. - ടിയാളെ 11.6.2018 പ്രാബല്യത്തിൽ മാനേജർ അധിക എൽ.പി.എസ്.എ. തസ്തികയിൽ നിയമിച്ചു. ടിയാൾ ടി.ടി.സി. യോഗ്യതയും കെ-ടെറ്റ് യോഗ്യതയും നേടിയ അദ്ധ്യാപകനായതിനാൽ എൽ.പി.എസ്.എ. തസ്തികയിലോ യു.പി.എസ്.എ. തസ്തികയിലോ നിയമിക്കപ്പെടുന്നതിന് പൂർണ്ണയോഗ്യതയുള്ള അദ്ധ്യാപകനാണ്. ഈ സ്കൂൾ 1936-ൽ തുടങ്ങിയതിനാൽ പുതുതായി തുടങ്ങിയ സ്കൂളുകളുടെ ഗണത്തിൽ പെടുന്നില്ല. ആയതിനാൽ 2016-17-ൽ 5 സംക്ഷിതാദ്ധ്യാപകരെ നിയമിച്ചിട്ടുള്ള സാഹചര്യത്തിൽ 2018-19-ൽ അധികമായി അനുവദിച്ച എൽ.പി.എസ്.എ. തസ്തികയിൽ അധിക തസ്തികയുടെ പ്രാബല്യ തീയതിയായ 15.6.2018 മുതൽ അംഗീകരിച്ച് ഉത്തരവാകാവുന്നതാണ്.

നാലാം ഹർജിക്കാരിയായ ശ്രീമതി. ഉമ്മുൽ ഫലൈലയെ 14.6.2018 പ്രാബല്യത്തിൽ അധികമായി അനുവദിച്ച യു.പി.എസ്.എ. തസ്തികയിലാണ് മാനേജർ നിയമിച്ചിട്ടുള്ളത്. ടിയാൾ ടി.ടി.സി. യോഗ്യതയും കൂടാതെ കെ-ടെറ്റ് പരീക്ഷയും പാസ്സായിട്ടുള്ള അദ്ധ്യാപികയുമാണ്. ആയതിനാൽ എൽ.പി.എസ്.എ. തസ്തികയിലോ/യു.പി.എസ്.എ. തസ്തികയിലോ സിയമനത്തിന് അർഹത നേടിയിട്ടുള്ള അദ്ധ്യാപികയുമാണ്. ടിയാളെ 2018-19-ൽ ഉണ്ടായ അധിക തസ്തികയിൽ, അധിക തസ്തികയുടെ പ്രാബല്യ തീയതിയായ 15.6.2018 മുതൽ എൽ.പി.എസ്.എ. തസ്തികയിലോ/യു.പി.എസ്.എ. തസ്തികയിലോ ക്രമീകരിച്ച് ഉത്തരവാകാവുന്നതുമാണ്.

(5-ാം ഹർജിക്കാരിയായ ശ്രീമതി. ഫാത്തിമത് നിഷാബി കെ.കെ.യുടെ എൽ.ജി. ഹിന്ദി ടീച്ചർ തസ്തികയിലെ നിയമനാംഗീകാര വിഷയം മുകളിൽ പരാമർശിച്ച കഴിഞ്ഞിട്ടുള്ളതാണ്).

ആറാം ഹർജിക്കാരിയായ ശ്രീമതി ഷഹർബാനു പി.യെ 31.3.2019-ൽ ശ്രീമതി. ചന്ദ്രിക എം. യു.പി.എസ്.എ. സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ ക്രമീകരിച്ച് നിയമനാംഗീകാരം നൽകാവുന്നതാണ്. ടിയാൾ ബി.എഡ്. ഹോൾഡറും കെ-ടെറ്റ് പരീക്ഷ പാസ്സായിട്ടുള്ള അദ്ധ്യാപികയുമാണ്. ആയതിനാൽ യു.പി.എസ്.എ. തസ്തികയിലെ നിയമനത്തിന് പൂർണ്ണ യോഗ്യത നേടിയിട്ടുള്ള അദ്ധ്യാപികയുമാണ്. അക്കാരണത്താൽ 31.3.2019-ൽ ശ്രീമതി. ചന്ദ്രിക എം. യു.പി.എസ്.എ. സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ നിയമന തീയതിയായ 6.6.2019 മുതൽ അംഗീകരിച്ച് ഉത്തരവാകാവുന്നതാണ്.

സ്കൂൾ മാനേജർ 6.2.2021-ലെ സ.ഉ.(പി) 4/2021-ൽ നിഷ്കർഷിച്ച പ്രകാരമുള്ള സത്യവാങ്മൂലം നൽകിയിട്ടുള്ളതാണെങ്കിലും 2019-20 വരെ നിയമനാംഗീകാരത്തിന് അർഹതയില്ലാത്ത അദ്ധ്യാപകരുടെ കാര്യത്തിൽ മാത്രമേ ഇപ്രകാരമുള്ള സത്യവാങ്മൂലം ബാധകമാക്കേണ്ടതുള്ളൂ. എന്നാൽ 2019-20 വരെയുള്ള ഒഴിവുകളിൽ 1 മുതൽ 6 വരെയുള്ള എല്ലാ ഹർജിക്കാർക്കും നിയമനാംഗീകാരം നൽകുന്നതിനുള്ള ഒഴിവുകളും യോഗ്യതകളും ഉള്ളതിനാൽ

മേൽപ്പറഞ്ഞ സത്യവാങ്മൂലത്തിന്റെ ആവശ്യകത ഉദിക്കുന്നില്ല.

മേൽപ്പറഞ്ഞ വസ്തുതകൾ നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായി പരിഗണനയിലെടുത്ത് 1 മുതൽ 6 വരെയുള്ള ഹർജിക്കാരായ അദ്ധ്യാപകർക്ക് നിർദ്ദിഷ്ട തീയതി മുതലുള്ള നിയമനം ക്രമീകരിച്ച് നിയമനാംഗീകാരം നൽകണമെന്നും തദനുസൃതമായി മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർക്ക് നിർദ്ദേശം നൽകി കോടതിവിധി നടപ്പാക്കണമെന്നും അപേക്ഷിക്കുന്നു."

**3. ഹർജിക്കാരായ ശ്രീമതി രാധിക സി.യുടെയും ശ്രീമതി അജിത.സി.യുടെയും പ്രതിനിധി ചുവടെ ചേർക്കും പ്രകാരം ബോധിപ്പിച്ചു:**

"ഒന്നാം നമ്പർ റിവിഷൻ ഹർജിക്കാരി ശ്രീമതി രാധിക സി. സ്കൂളിൽ 08.06.2017 മുതൽ യു.പി.എസ്.ടി. ആയി നിയമിതയായി. ടിയാരിയുടെ നിയമനം മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. നിരസിക്കുവാനുണ്ടായ കാരണം നിരസിത ഉത്തരവിൽ സൂചിപ്പിച്ചത് താഴെ പറയും പ്രകാരമാണ്.

1) 03.12.2016-ലെ G.O.(P)No.199/2016 പ്രകാരം അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ടതാണ്.

2) കെ-ടെറ്റ് നേടിയിട്ടില്ല.

മാനേജർ 06.02.2021-ലെ G.O.(P)No.4/2021 പ്രകാരം സത്യപ്രസ്താവന നൽകിയിട്ടുണ്ട്. ആകയാൽ 08.06.2017 മുതൽ നിയമനാംഗീകാരം ലഭിക്കുവാൻ തടസ്സം ഇല്ലാത്തതാകുന്നു. റിവിഷൻ ഹർജിക്കാരി കെ-ടെറ്റ് യോഗ്യത ഒന്നും രണ്ടും നേടിയിട്ടുണ്ട്. ആയതിനാൽ ഒന്നാം റിവിഷൻ ഹർജിക്കാരിക്ക് 08.06.2017 മുതൽ നിയമനാംഗീകാരം നൽകുന്നതിന് നിയമതടസ്സങ്ങളില്ല.

ഇക്കാര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കപ്പെടേണ്ടതാണ് :

a) 2020-ൽ ബാലചന്ദ്രൻ, ഗീത, എലിസബത്ത് (മൂന്ന് പേരും UPST) എന്നിവർ റിട്ടയർ ചെയ്തിട്ടുണ്ട്. 2020-ൽ റിവിഷൻ ഹർജിക്കാരിക്ക് മേപ്പടി റിട്ടയർമെന്റ് വേക്കൻസിയിൽ നിയമനം ലഭിക്കുവാൻ അർഹതയുണ്ട്. 08.06.2017 മുതൽ G.O.(P)4/2021 പ്രകാരം നോഷണൽ ആയി നിയമനാംഗീകാരം ലഭ്യമാക്കുകയും 01.06.2020-ന് ശേഷം റിട്ടയർമെന്റ് വേക്കൻസിയിലേക്ക് മാറ്റുകയും ചെയ്യേണ്ടതാണ്. വിദ്യാഭ്യാസ നിയമം അധ്യായം 14A റൂൾ 40 പ്രകാരം മാനേജർക്ക് ആയതിന് അധികാര അവകാശം ഉണ്ട്.

"When a teacher in any unit leave service in that unit or is transferred from one category of post to another to same unit, a note to that effect shall be entered against the same in the last column of the staff list".

റൂൾ 40 പ്രകാരം 01.06.2020 മുതൽ ഒന്നാം റിവിഷൻകാരിയെ നിയമിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകിയും ആയത് അംഗീകരിക്കുവാൻ മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകിയും ഉത്തരവുണ്ടാകാൻ അപേക്ഷിക്കുന്നു.

രണ്ടാം റിവിഷൻകാരി 10.06.2017 മുതൽ യു.പി.എസ്.ടി. ആയി നിയമിക്കപ്പെട്ടു. നിയമനം നിരസിക്കാനുണ്ടായ കാരണം താഴെ പറയും പ്രകാരമാണ് :

1) ശ്രീമതി. അജിത സി.ക്ക് നിലനിൽക്കുന്നതിന് ഉള്ള തസ്തിക ലഭ്യമല്ല.

2) 03.12.2016-ലെ G.O.(P)199/16 പ്രകാരം അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണം.

3) ശ്രീമതി. അജിത കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല.

ഒന്നാമത്തെ തടസ്സം തസ്തിക ലഭ്യമല്ലാ എന്നുള്ളതാണ്. ആയത് നിഷേധിക്കുന്നില്ല. എന്നാൽ 01.06.2018 മുതൽ 2-ാം റിവിഷൻ ഹർജിക്കാരിയെ നിയമിക്കുന്നതിന് തസ്തിക ലഭ്യമാണ്. ആയത് തസ്തിക നിർണ്ണയ ഉത്തരവ് പരിശോധിച്ചാൽ ബോധ്യപ്പെടുന്നതാണ്. കൂടാതെ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ഇക്കാര്യം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. രണ്ടാം റിവിഷൻ ഹർജിക്കാരിയുടെ വാദങ്ങൾ സ്ഥിരീകരിക്കുന്നതിന് മേൽപ്പറഞ്ഞ രേഖ പര്യാപ്തമാകുന്നു.

നിലവിൽ അജിത കെ-ടെറ്റ് നേടിയിട്ടുണ്ട്. 2020-ൽ ബാലചന്ദ്രൻ, ഗീത, എലിസബത്ത് എന്നിവർ റിട്ടയർ ചെയ്തിട്ടുണ്ട്. 2020-ൽ രണ്ടാം റിവിഷൻ ഹർജിക്കാരിക്ക് മേപ്പടി റിട്ടയർമെന്റ് വേക്കൻസിയിൽ നിയമനം ലഭിക്കാൻ അർഹത ഉണ്ട്. 10.06.2017 മുതൽ G.O.(P) 4/2021 പ്രകാരം നോഷണൽ ആയി നിയമന അംഗീകാരം ലഭ്യമാക്കുകയും 01.06.2020-ന് ശേഷം റിട്ടയർമെന്റ് വേക്കൻസിയിലേക്ക് മാറ്റുകയും ചെയ്യേണ്ടതാണ്. വിദ്യാഭ്യാസ നിയമം അധ്യായം 14A റൂൾ 40 പ്രകാരം മാനേജർക്ക് ആയതിന് അധികാര അവകാശം ഉണ്ട്.

റൂൾ 40 പ്രകാരം 01.06.2020 മുതൽ രണ്ടാം റിവിഷൻകാരിയെ നിയമിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകിയും ആയത് അംഗീകരിക്കുവാൻ മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകിയും ഉത്തരവുണ്ടാകാൻ അപേക്ഷിക്കുന്നു.

മേൽപ്പറഞ്ഞ വസ്തുതകളുടെയും യാഥാർത്ഥ്യങ്ങളുടെയും വെളിച്ചത്തിൽ 1-ാം റിവിഷൻ ഹർജിക്കാരിയെ നിയമന തിയതിയായ 08.06.2017 മുതൽ അധിക തസ്തികയിലും തുടർന്ന് സ്കൂളിൽ ലഭ്യമായ റിട്ടയർമെന്റ് വേക്കൻസിയിൽ 01.06.2020 മുതലും നിയമന അംഗീകാരം നൽകാൻ ഉത്തരവുണ്ടാകേണ്ടതാണ്.

രണ്ടാം റിവിഷൻ ഹർജിക്കാരിയെ 10.06.2017-ന് നിയമിച്ചു എങ്കിലും തസ്തിക ലഭ്യമല്ലാത്തതിനാൽ 01.06.2018 മുതൽ അധിക തസ്തികയിലും 01.06.2020 മുതൽ സ്കൂളിൽ ലഭ്യമായ റിട്ടയർമെന്റ് വേക്കൻസിയിലും നിയമന അംഗീകാരം നൽകുവാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവുണ്ടാകണമെന്ന് ഇതിനാൽ സവിനയം അപേക്ഷിക്കുന്നു."

4. മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വാദം ചുവടെ ചേർക്കുന്നു:

"1. ശ്രീമതി.സി.രാധികയെ (1-ാം പരാതിക്കാരി) 08/06/207 മുതൽ യു.പി.എസ്.ടി. ആയി 2017-18 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിലേയ്ക്ക് മാനേജർ നിയമിക്കുകയും പ്രസ്തുത നിയമനം 03/12/2016-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ. 199/2016/പൊ.വി.വ. പ്രകാരം അധിക തസ്തികയിൽ 1:1 അനുപാതം പാലിച്ചിട്ടില്ലെന്നും നിയമിത കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലെന്നും കാണിച്ച് 27.09.2017-ലെ കെ.ഡിസ്/സി/1682/2017 പ്രകാരം നിരസിച്ച് നൽകുകയും ചെയ്തിരുന്നു. നിലവിൽ ടിയാരി കെ-ടെറ്റ് യോഗ്യത നേടിയിട്ടുണ്ട്.

2. ശ്രീമതി.സി.അജിതയെ (2-ാം പരാതിക്കാരി) 10/06/2017 മുതൽ യു.പി.എസ്.ടി. ആയി 2017-18 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിലേയ്ക്ക് മാനേജർ നിയമിച്ചു. ഈ വിദ്യാലയത്തിൽ നിന്നും തസ്തിക നഷ്ടം മൂലം പുറത്തുനിന്നിരുന്ന ശ്രീ. ചന്ദ്രമോഹനനെ 2016-17 വർഷം അനുവദിച്ച എച്ച്.ടി.വി. തസ്തികയിലേയ്ക്ക് തിരികെ വിളിച്ചിരുന്നു. പ്രസ്തുത അദ്ധ്യാപകനെ 2017-18 വർഷം അനുവദിച്ച അധിക യു.പി.എസ്.ടി. തസ്തികയിലേയ്ക്ക് പുനഃക്രമീകരിച്ച് നിലനിർത്തിയതിനാൽ ശ്രീമതി.സി.അജിതയ്ക്ക് നിലനിൽക്കുവാനാവശ്യമായ തസ്തിക ലഭ്യമായിരുന്നില്ല; മാത്രമല്ല നിയമിത കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല എന്ന കാരണങ്ങളാൽ 27/09/2017-ലെ കെ.ഡിസ്/സി/1683/2017 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച് നൽകുകയും

ചെയ്തിരുന്നു. നിലവിൽ ടിയാരി കെ-ടെറ്റ് യോഗ്യത നേടിയിട്ടുണ്ട്.

3. ശ്രീ.പി.ഹാരിസിനെ (3-ാം പരാതിക്കാരൻ) 11/06/2018 മുതൽ എൽ.പി.എസ്.ടി. ആയി 2018-19 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിലേയ്ക്ക് മാനേജർ നിയമിച്ചിരുന്നു. പ്രസ്തുത നിയമനം അധിക തസ്തികയിലേത് ആയതിനാൽ 1:1 അനുപാതം പാലിച്ചിട്ടില്ലാത്തതിനാലും നിയമിതൻ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാലും 01.01.2019-ലെ കെ.ഡിസ്/സി/2523/2008 ഉത്തരവ് പ്രകാരം നിരസിച്ച് നൽകുകയും ചെയ്തിരുന്നു. ടിയാൾ നിലവിൽ കെ.ടെറ്റ് യോഗ്യത നേടിയിട്ടുണ്ട്.

4. ശ്രീമതി. സി.ഉമ്മു ഫലൈലയെ (4-ാം പരാതിക്കാരി) 14/06/2018 മുതൽ യു.പി.എസ്.ടി. ആയി 2018-19 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിലേയ്ക്ക് മാനേജർ നിയമിച്ചിരുന്നു. പ്രസ്തുത നിയമനം അധിക തസ്തികയിലായതിനാൽ 1:1 അനുപാതം പാലിച്ചിട്ടില്ലാത്തതിനാൽ 14/01/2019-ലെ കെ.ഡിസ്/സി/2428/2018 ഉത്തരവ് പ്രകാരം നിരസിച്ച് നൽകുകയും ചെയ്തിരുന്നു. നിലവിൽ ടിയാരി കെ.ടെറ്റ് യോഗ്യത നേടിയിട്ടുണ്ട്.

5. ശ്രീമതി. കെ.കെ.ഫാത്തിമത്ത് നിഷാബിയെ (5-ാം പരാതിക്കാരി) 01/06/2018 മുതൽ എൽ.ജി. ഹിന്ദി ടീച്ചർ ആയിരുന്ന ശ്രീമതി.പി. കോമളവല്ലി 31/03/2018-ന് വിരമിച്ച ഒഴിവിലേയ്ക്ക് മാനേജർ നിയമിച്ചിരുന്നു. എന്നാൽ പ്രസ്തുത ഒഴിവിലേയ്ക്ക് ഇതേ വിദ്യാലയത്തിൽ നിന്നും തസ്തികനഷ്ടം മൂലം പുറത്തായിരുന്ന ശ്രീ.സുബ്രഹ്മണ്യനെ നിലനിർത്തിയിരുന്നു. 2017-18 വർഷത്തെ അധിക ഹിന്ദി തസ്തികയിലാണ് ടിയാനെ നേരത്തെ നിലനിർത്തിയിരുന്നത്. പ്രസ്തുത അദ്ധ്യാപകനെ നേരത്തെ നിലനിർത്തിയിരുന്ന അധിക തസ്തികയാണ് ഒഴിഞ്ഞു കിടന്നിരുന്നത്. അധിക തസ്തികയിലെ നിയമനമായതിനാൽ കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 7 പ്രകാരം 1:1 അനുപാതം പാലിച്ചിട്ടില്ലാത്തതിനാലും, നിയമിത കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാലും 16/01/2019-ലെ കെ.ഡിസ്/സി/2112/2018 ഉത്തരവ് പ്രകാരം ടി നിയമനം നിരസിച്ച് നൽകിയിരുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് മാനേജർ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് 12/10/2021-ന് റിവിഷൻ അപ്പീൽ സമർപ്പിക്കുകയും ആയതിന്മേൽ 08/12/2021-ന് സി/2985/2021 നമ്പർ പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ടിയാരി കെ-ടെറ്റ് യോഗ്യത നേടിയിട്ടുണ്ട്.

6. ശ്രീമതി.പി.ഷെഹർബാനുവിനെ (6-ാം പരാതിക്കാരി) 06/06/2019 മുതൽ UPST ആയി, അധിക തസ്തികയിൽ ജോലിചെയ്തിരുന്ന യു.പി.എസ്.ടി. ആയ ശ്രീമതി.സി.രാധികയെ 31/03/2019-ന് വിരമിച്ച ശ്രീമതി.എം. ചന്ദ്രികയുടെ ഒഴിവിലേയ്ക്ക് മാറ്റിയതുമൂലം ഉണ്ടായ ഒഴിവിലേയ്ക്ക് നിയമിക്കുകയും പ്രസ്തുത നിയമനം കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 7 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല; സീനിയർ നിയമനങ്ങൾ അംഗീകരിക്കുവാനുണ്ട് എന്നീ കാരണങ്ങളാൽ 05/12/2019-ലെ സി/7515/2019/കെ.ഡിസ് ഉത്തരവ് പ്രകാരം നിരസിച്ച് നൽകുകയും ചെയ്തിരുന്നു.

മേൽ സൂചിപ്പിച്ച നിയമനങ്ങൾ അംഗീകരിച്ച് കിട്ടുന്നതിലേയ്ക്കായി ചില നിയമനങ്ങൾ പുന:ക്രമീകരിച്ചുകൊണ്ട് മാനേജർ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. 9/11/2021-ലെ ഡി.ജി.ഇ./4807/2021-ജി1 നമ്പർ കത്ത് പ്രകാരം, സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 04/2021/പൊ.വി.വ. തീയതി 06/02/2021, സർക്കുലർ നമ്പർ എച്ച്

2/19500/2019/ഡി.ജി.ഇ. തീയതി 26/02/2021 എന്നിവയുടെ അടിസ്ഥാനത്തിൽ 2016-17 മുതൽ 2019-20 വരെയുള്ള അദ്ധ്യയന വർഷങ്ങളിൽ മാനേജർ നിയമിച്ച അദ്ധ്യാപകരുടെ നിയമനങ്ങൾ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നൽകുവാൻ നിർദ്ദേശം ലഭിച്ചിരുന്നു. മേൽ ഉത്തരവുകൾ പ്രകാരം, നേരത്തെ നടത്തിയ നിയമനങ്ങളിൽ തസ്തിക മാറ്റിയും നിയമനത്തീയതി മാറ്റിയും നടത്തിയ നിയമനങ്ങൾ ആയതിനാൽ പ്രസ്തുത നിയമനങ്ങൾ ഈ കാര്യാലയത്തിൽ നിന്നും അംഗീകരിച്ച് നൽകുവാൻ നിർവ്വാഹമുണ്ടായിരുന്നില്ല. ആയതിന്റെ അടിസ്ഥാനത്തിൽ സമന്വയ വഴി സമർപ്പിച്ച ശ്രീമതി. കെ.കെ.ഫാത്തിമത്ത് നിഷാബിയുടെ നിയമനം ഒഴികെ താഴെ പറയുന്ന നിയമനങ്ങൾ ഈ കാര്യാലയത്തിൽ നിന്നും നിരസിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

| നം | പേര് | തീയതി | തസ്തിക | നിരസിച്ച ഉത്തരവ് തീയതി |
|---|---|---|---|---|
| 1 | രാധിക സി. | 08.06.2017 | അധിക എൽ.പി.എസ്.ടി | C / 17617 / 2021 തീയതി 08.02.2022 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട് |
| 2 | അജിത സി. | 01.06.2018 | അധിക എൽ.പി.എസ്.ടി | C / 17616 / 2021 തീയതി 08.02.2022 ഓഫീസർ, മണ്ണാർക്കാട് |
| 3 | ഹാരിസ് പി. | 11.06.2018 | അധിക എൽ.പി.എസ്.ടി | C / 17614 / 2021 തീയതി 08.02.2022 ഓഫീസർ, മണ്ണാർക്കാട് |
| 4 | ഉമ്മുൽ ഫലൈല സി. | 06.06.2019 | അധിക എൽ.പി.എസ്.ടി | C / 17613 / 2021 തീയതി 08.02.2022 ഓഫീസർ, മണ്ണാർക്കാട് |
| 5 | കെ.കെ.ഫാത്തിമത്ത് നിഷാബി | 01.06.2018 | എൽ.ജി. ഹിന്ദി | ടി നിയമനവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച അപ്പീൽ പൊ.വി.ഡയറക്ടറുടെ |

പരിഗണനയിലാണ്.

| | | | | |
|---|---|---|---|---|
| 6 | ഷെഹർബാനു പി. | 06.06.2019 | യു.പി.എസ്.ടി | C/7515/2019/കെ.ഡിസ് തീയതി 05.12.2019 ഓഫീസർ, മണ്ണാർക്കാട് |

2016-17 വർഷം HTV ഒഴിവിൽ പുനർവിന്യസിക്കപ്പെട്ട ശ്രീ.ചന്ദ്രമോഹനെ 2017-18 വർഷം അധിക തസ്തികയിലേക്ക് പുനർവിന്യസിച്ചത് കണക്കാക്കാതെ 2017-18 വർഷത്തിൽ ഒരു അഡീഷണൽ പോസ്റ്റ് മാത്രമുള്ളപ്പോൾ മാനേജർ രണ്ടുപേരെ താഴെ പറയും പ്രകാരം നിയമനം നടത്തി.

1. രാധിക സി. UPST 08-06-2017 ADDL POST
2. അജിത സി. UPST 10-06-2017 ADDL POST തസ്തിക ലഭ്യമല്ല

ശ്രീമതി.അജിത സി.ക്ക് 2017-18 വർഷം നിലനിൽക്കുന്നതിനാവശ്യമായ തസ്തിക ലഭ്യമല്ല എന്ന് കാണുന്നു. തുടർന്ന് 2018-19 വർഷത്തിൽ 2 അധികതസ്തിക വന്നതിന്റെ അടിസ്ഥാനത്തിൽ (LPST-1, UPST -1) മുൻവർഷം തസ്തിക ലഭ്യമല്ലാതിരുന്ന അജിത സി.യെ മാറ്റി നിയമിക്കാതെ പുതിയ 2 പേരെ മാനേജർ താഴെപ്പറയും പ്രകാരം നിയമിക്കുകയാണ് ഉണ്ടായത്.

1. ഹാരിസ് പി. LPST 11-06-2018 ADDL POST
2. ഉമ്മുൽ ഫലൈല സി. UPST 14-06-2018 ADDL POST

മേൽപറഞ്ഞിട്ടുള്ള നിയമനങ്ങൾ മാനേജർ ആവശ്യപ്പെട്ട പ്രകാരം 2017-18 വർഷത്തിൽ UPST ആയി നിയമിക്കപ്പെട്ട ശ്രീമതി. അജിത സി.യെ യോഗ്യതയനുസരിച്ച് LPST/UPST തസ്തികയുടെ ലഭ്യതയനുസരിച്ച് 2018-19 വർഷത്തേക്കും, 2018-19 വർഷത്തിൽ UPST ആയി നിയമിക്കപ്പെട്ട ശ്രീമതി. ഉമ്മുൽ ഫലൈല സി.യെ യോഗ്യതയുണ്ടെങ്കിൽ 2019-20 വർഷം വന്ന അധിക LPST തസ്തികയിലേക്ക് മാറ്റി നിയമിക്കാൻ അനുമതി നൽകുകയും നിയമനം ക്രമപ്പെടുത്തുകയും ചെയ്യുന്ന പക്ഷം നിയമനം പരിഗണനാർഹമാണെന്നു കാണുന്നു."

**5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ വാദങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്:**

മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ലയിലെ ലെഗസി എ.യു.പി. സ്കൂളിൽ ചുവടെ പറയും പ്രകാരം മാനേജർ നിയമനം നടത്തിയിട്ടുണ്ട്.

1. ശ്രീമതി.രാധിക സി. - UPST ആയി 2017-18 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിലേക്ക് 08.06.2017 മുതൽ നിയമിച്ചു.
2. ശ്രീമതി.സി.അജിത - UPST ആയി 2017-18 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിൽ 10.06.2017 മുതൽ നിയമിച്ചു.
3. ശ്രീ.പി.ഹാരിസ് - LPSTആയി 2018-19 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിൽ

11.06.2018 മുതൽ നിയമിച്ചു.

4. ശ്രീമതി. ഉമ്മുൽ ഫലൈല - UPST ആയി 2018-19 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിൽ 14.06.2018 മുതൽ നിയമിച്ചു.

5. ശ്രീമതി. കെ.കെ. ഫാത്തിമത്ത് നിഷാബി - LG ഹിന്ദി ആയി 31.03.2018-ന് വന്ന വിരമിക്കൽ ഒഴിവിൽ (LG ഹിന്ദി) 01.06.2018 മുതൽ നിയമിച്ചു.

6. ശ്രീമതി.പി.ഷഹർബാനു - UPST ആയി 31.03.2019-ന് ലഭ്യമായ വിരമിക്കൽ ഒഴിവിലേക്ക് അധിക തസ്തികയിൽ ശ്രീമതി.സി. രാധികയെ മാറ്റി നിയമിച്ചതുമൂലം വന്ന ഒഴിവിലേക്ക് 06.06.2019 മുതൽ നിയമിച്ചു.

മേൽ പറഞ്ഞ നിയമനങ്ങൾ എല്ലാം തന്നെ 03.02.2016-ലെ സ.ഉ.(പി) നം.199/2016/പൊ.വി.വ. പ്രകാരം അധിക തസ്തികയിൽ 1:1 അനുപാതം പാലിച്ചിട്ടില്ലെന്നതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവായിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച നിയമനങ്ങൾ അംഗീകരിച്ച് കിട്ടുന്നതിനായി ചില നിയമനങ്ങൾ പുന:ക്രമീകരിച്ച് കൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് മാനേജർ സമർപ്പിച്ച അപേക്ഷ, 06.02.2021-ലെ സ.ഉ.(പി) നം.04/2021/പൊ.വി.വ., 26.02.2021-ലെ എച്ച്2/19500/2019/ഡി.ജി.ഇ. നം സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ 2016-17 മുതൽ 2019-20 വരെയുള്ള അദ്ധ്യയന വർഷങ്ങളിൽ മാനേജർ നിയമിച്ച അദ്ധ്യാപക നിയമനങ്ങൾ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. നേരത്തെ നടത്തിയ നിയമനങ്ങളിൽ തസ്തിക മാറ്റിയും, നിയമന തിയതി മാറ്റിയും നടത്തിയ നിയമനങ്ങൾ ആയതിനാൽ സമന്വയ വഴി സമർപ്പിച്ച ശ്രീമതി. കെ.കെ. ഫാത്തിമത്ത് നിഷാബിയുടെ നിയമനം ഒഴികെ ബാക്കിയുള്ള നിയമനങ്ങൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവായിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച നിരസിച്ച നിയമനങ്ങൾ മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.12.2022-ലെ നം. സി/384/2022 ഹിയറിംഗ് നോട്ടിലെ അവസാന ഖണ്ഡികകളിൽ സൂചിപ്പിച്ചിരിക്കുന്നത് പ്രകാരം പുന:ക്രമീകരിച്ച് സമർപ്പിക്കുന്ന പക്ഷം നിയമനം പരിഗണനാർഹമാണെന്ന് കൂടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സവിനയം ബോധിപ്പിക്കുന്നു.

**6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമാണ് :**

പാലക്കാട് തച്ചനാട്ടുകര നാട്ടുകാൽ ലെഗസി എ.യു.പി. സ്കൂളിൽ ശ്രീമതി.സി.രാധികയെ 08/06/2017 മുതൽ യു.പി.എസ്.ടി. തസ്തികയിൽ 2017-18 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിലേയ്ക്ക് മാനേജർ നിയമിച്ചു. പ്രസ്തുത നിയമനം 03/12/2016-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 199/2016/പൊ.വി.വ. പ്രകാരം അധിക തസ്തികയിൽ 1:1 അനുപാതം പാലിച്ചിട്ടില്ലെന്നും നിയമിത കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലെന്നും കാണിച്ച് മണ്ണാർക്കാട് AEO യുടെ 27/09/2017-ലെ കെ.ഡിസ്/സി/1682/2017 പ്രകാരം നിരസിച്ചു. നിലവിൽ ടിയാരി കെ-ടെറ്റ് യോഗ്യത നേടിയിട്ടുണ്ട് എന്ന് മണ്ണാർക്കാട് AEO റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി.സി.അജിതയെ 10/06/2017 മുതൽ യു.പി.എസ്.ടി. ആയി 2017-18 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിലേയ്ക്ക് മാനേജർ നിയമിച്ചു. ടി വിദ്യാലയത്തിൽ നിന്നും തസ്തികനഷ്ടം മൂലം പുറത്തുനിന്നിരുന്ന ശ്രീ.ചന്ദ്രമോഹനനെ 2016-17 വർഷം അനുവദിച്ച എച്ച്.ടി.വി.

തസ്തികയിലേയ്ക്ക് തിരികെ വിളിച്ചിരുന്നു. പ്രസ്തുത അദ്ധ്യാപകനെ 2017-18 വർഷം അനുവദിച്ച അധിക യു.പി.എസ്.ടി. തസ്തികയിലേയ്ക്ക് പുന:ക്രമീകരിച്ച് നിലനിർത്തിയതിനാൽ ശ്രീമതി.സി.അജിതയ്ക്ക് നിലനിൽക്കുവാനാവശ്യമായ തസ്തിക ലഭ്യമായിരുന്നില്ല. കൂടാതെ, നിയമിത കെ-ടെറ്റ് യോഗ്യത നേടിയിരുന്നില്ല. ടി കാരണങ്ങളാൽ മണ്ണാർക്കാട് AEO-യുടെ 27/09/2017-ലെ കെ.ഡിസ്/സി/1683/2017 നമ്പർ ഉത്തരവ് പ്രകാരം നിയമനം നിരസിച്ചു. നിലവിൽ ടിയാരി കെ-ടെറ്റ് യോഗ്യത നേടിയിട്ടുണ്ട് എന്ന് മണ്ണാർക്കാട് AEO റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ.പി.ഹാരിസിനെ 11/06/2018 മുതൽ എൽ.പി.എസ്.ടി. ആയി 2018-19 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിലേയ്ക്ക് മാനേജർ നിയമിച്ചു. പ്രസ്തുത നിയമനം അധിക തസ്തികയിൽ ആയതിനാൽ 1:1 അനുപാതം പാലിച്ചിട്ടില്ലാത്തതിനാലും നിയമിതൻ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാലും മണ്ണാർക്കാട് AEO-യുടെ 01/01/2019-ലെ കെ.ഡിസ്/സി/2523/2018 ഉത്തരവ് പ്രകാരം നിരസിച്ചു. ടിയാൾ നിലവിൽ കെ.ടെറ്റ് യോഗ്യത നേടിയിട്ടുണ്ട് എന്ന് മണ്ണാർക്കാട് AEO റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി.സി.ഉമ്മുൽ ഫലൈലയെ 14/06/2018 മുതൽ യു.പി.എസ്.ടി. ആയി 2018-19 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിലേയ്ക്ക് മാനേജർ നിയമിച്ചു. പ്രസ്തുത നിയമനം അധിക തസ്തികയിലായതിനാൽ 1:1 അനുപാതം പാലിച്ചിട്ടില്ലാത്തതിനാൽ മണ്ണാർക്കാട് AEO-യുടെ 14/01/2019-ലെ കെ.ഡിസ്/സി/2428/2018 ഉത്തരവ് പ്രകാരം നിരസിച്ചു. നിലവിൽ ടിയാരി കെ.ടെറ്റ് യോഗ്യത നേടിയിട്ടുണ്ട് എന്ന് മണ്ണാർക്കാട് AEO റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി.കെ.കെ.ഫാത്തിമത്ത് നിഷാബിയെ 01/06/2018 മുതൽ എൽ.ജി.ഹിന്ദി ടീച്ചർ ആയിരുന്ന ശ്രീമതി.പി.കോമളവല്ലി 31/03/2018-ന് വിരമിച്ച ഒഴിവിലേയ്ക്ക് മാനേജർ നിയമിച്ചു. എന്നാൽ പ്രസ്തുത ഒഴിവിലേയ്ക്ക് ഇതേ വിദ്യാലയത്തിൽ നിന്നും തസ്തികനഷ്ടം മൂലം പുറത്തായിരുന്ന ശ്രീ.സുബ്രഹ്മണ്യനെ നിലനിർത്തിയിരുന്നു. 2017-18 വർഷത്തെ അധിക ഹിന്ദി തസ്തികയിലാണ് ടിയാനെ നേരത്തെ നിലനിർത്തിയിരുന്നത്. പ്രസ്തുത അദ്ധ്യാപകനെ നേരത്തെ നിലനിർത്തിയിരുന്ന അധിക തസ്തികയാണ് ഒഴിഞ്ഞു കിടന്നിരുന്നത്. അധിക തസ്തികയിലെ നിയമനമായതിനാൽ കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 7 പ്രകാരം 1:1 അനുപാതം പാലിച്ചിട്ടില്ലാത്തതിനാലും, നിയമിത കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാലും മണ്ണാർക്കാട് AEO-യുടെ 16/01/2019-ലെ കെ.ഡിസ്/സി/2112/2018 ഉത്തരവ് പ്രകാരം ടി നിയമനം നിരസിച്ച് നൽകിയിരുന്നു. നിലവിൽ ടിയാരി കെ-ടെറ്റ് യോഗ്യത നേടിയിട്ടുണ്ട് എന്ന് മണ്ണാർക്കാട് AEO റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി.പി.ഷെഹർബാനുവിനെ 06/06/2019 മുതൽ യു.പി.എസ്.ടി. ആയി, അധിക തസ്തികയിൽ ജോലിചെയ്തിരുന്ന യു.പി.എസ്.ടി. ആയ ശ്രീമതി. സി.രാധികയെ 31/03/2019-ന് വിരമിച്ച ശ്രീമതി.എം. ചന്ദ്രികയുടെ ഒഴിവിലേയ്ക്ക് മാറ്റിയതുമൂലം ഉണ്ടായ ഒഴിവിലേയ്ക്ക് നിയമിച്ചു. പ്രസ്തുത നിയമനം കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 7 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല, സീനിയർ നിയമനങ്ങൾ അംഗീകരിക്കുവാനുണ്ട് എന്നീ കാരണങ്ങളാൽ മണ്ണാർക്കാട് AEO-യുടെ 05/12/2019-ലെ സി/7515/2019/കെ.ഡിസ് ഉത്തരവ് പ്രകാരം നിരസിച്ച് നൽകി.

മേൽ സൂചിപ്പിച്ച നിയമനങ്ങൾ അംഗീകരിച്ച് കിട്ടുന്നതിലേയ്ക്കായി ചില നിയമനങ്ങൾ പുന:ക്രമീകരിച്ചതിന് ശേഷം മാനേജർ ഈ കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. 09/11/2021-ലെ ഡി.ജി.ഇ./4807/2021-ജി1 നമ്പർ കത്ത് പ്രകാരം, സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 04/2021/പൊ.വി.വ. തീയതി: 06/02/2021, സർക്കുലർ നമ്പർ എച്ച്2/19500/2019/ഡി.ജി.ഇ. തീയതി 26/02/2021 എന്നിവയുടെ അടിസ്ഥാനത്തിൽ 2016-17 മുതൽ 2019-20 വരെയുള്ള അദ്ധ്യയന വർഷങ്ങളിൽ മാനേജർ നിയമിച്ച അദ്ധ്യാപകരുടെ നിയമനങ്ങൾ മറ്റ വിധത്തിൽ

ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നൽകുവാൻ മണ്ണാർക്കാട് AEO-ക്കു നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നേരത്തെ നടത്തിയ നിയമനങ്ങളിൽ തസ്തിക മാറ്റിയും നിയമനത്തീയതി മാറ്റിയും നടത്തിയ നിയമനങ്ങൾ ആയതിനാൽ പ്രസ്തുത നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല എന്ന് മണ്ണാർക്കാട് AEO റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2016-17 വർഷം HTV ഒഴിവിൽ പുനർവിന്യസിക്കപ്പെട്ട ശ്രീ.ചന്ദ്രമോഹനെ 2017-18 വർഷം അധിക തസ്തികയിലേക്ക് പുനർവിന്യസിച്ചത് കണക്കാക്കാതെ 2017-18 വർഷത്തിൽ ഒരു അഡീഷണൽ പോസ്റ്റ് മാത്രമുള്ളപ്പോൾ മാനേജർ രണ്ടുപേരെ താഴെ പറയും പ്രകാരം നിയമനം നടത്തി.

1. രാധിക സി. UPST 08-06-2017 ADDL POST
2. അജിത സി. UPST 10-06-2017 ADDL POST തസ്തിക ലഭ്യമല്ല

ശ്രീമതി. അജിത സി.ക്ക് 2017-18 വർഷം നിലനിൽക്കുന്നതിനാവശ്യമായ തസ്തിക ലഭ്യമല്ല എന്ന് കാണുന്നതായി മണ്ണാർക്കാട് AEO റിപ്പോർട്ട് ചെയ്തിരിക്കുന്നു.

തുടർന്ന് 2018-19 വർഷത്തിൽ 2 അധിക തസ്തിക വന്നതിന്റെ അടിസ്ഥാനത്തിൽ (LPST-1, UPST -1) മുൻവർഷം തസ്തിക ലഭ്യമല്ലാതിരുന്ന അജിത സി.യെ മാറ്റി നിയമിക്കാതെ പുതിയ 2 പേരെ മാനേജർ താഴെപ്പറയും പ്രകാരം നിയമിക്കുകയാണ് ഉണ്ടായത്.

1. ഹാരിസ് പി. LPST 11-06-2018 ADDL POST
2. ഉമ്മുൽ ഫലൈല സി. UPST 14-06-2018 ADDL POST

മേൽപ്പറഞ്ഞിട്ടുള്ള നിയമനങ്ങൾ മാനേജർ ആവശ്യപ്പെട്ട പ്രകാരം 2017-18 വർഷത്തിൽ UPST ആയി നിയമിക്കപ്പെട്ട ശ്രീമതി. അജിത സി.യെ യോഗ്യതയനുസരിച്ച് LPST/UPST തസ്തികയുടെ ലഭ്യതയനുസരിച്ച് 2018-19 വർഷത്തേക്കും 2018-19 വർഷത്തിൽ UPST ആയി നിയമിക്കപ്പെട്ട ശ്രീമതി.ഉമ്മുൽ ഫലൈല സി.യെ യോഗ്യതയുണ്ടെങ്കിൽ 2019-20 വർഷം വന്ന അധിക LPST തസ്തികയിലേക്ക് മാറ്റി നിയമിക്കാൻ അനുമതി നൽകുകയും നിയമനം ക്രമപ്പെടുത്തുകയും ചെയ്യുന്ന പക്ഷം നിയമനം പരിഗണനാർഹമാണെന്ന് മണ്ണാർക്കാട് AEO റിപ്പോർട്ട് ചെയ്തിരിക്കുന്നു.

**7.** സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരുടെ നിയമനം നിയമനത്തീയതി മുതൽ ക്രമീകരിച്ച് നിയമനാംഗീകാരം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയം പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു:

**1. രാധിക സി.**

(a) 2017-18 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിൽ 08.06.2017 തീയതിയിൽ യു.പി.എസ്.ടി. ആയി നിയമിക്കപ്പെട്ടു.

(b) ടിയാരി 2018-ൽ കെ-ടെറ്റ് 1, 2020-ൽ കെ-ടെറ്റ് 2 ടെസ്റ്റ് യോഗ്യത നിലവിൽ നേടിയിട്ടുണ്ട്.

(c) G.O.(P)No. 199/2016/G.Edn dated 03.02.2016 പ്രകാരം അധിക തസ്തികയിൽ 1:1 അനുപാതം പാലിക്കാത്തതിനാൽ പ്രൊപ്പോസൽ നിരസിക്കപ്പെട്ടു.

**2. അജിത സി.**

(a) 2017-18 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിൽ 10.06.2017 തീയതിയിൽ യു.പി.എസ്.ടി. ആയി നിയമിക്കപ്പെട്ടു.

(b) തസ്തികനഷ്ടം മൂലം പുറത്തു നിന്ന ശ്രീ.ചന്ദ്രമോഹനെ 2016-17 വർഷം അനുവദിച്ച HTV തസ്തികയിൽ പുനർനിയമിക്കുകയും, 2017-18 വർഷം അനുവദിച്ച തസ്തിക UPST തസ്തികയിൽ പുന:ക്രമീകരിച്ച് നിലനിർത്തിയതിനാൽ ടിയാരിയെ നിലനിർത്താൻ തസ്തികയില്ലാത്തതിനാൽ പ്രൊപ്പോസൽ നിരസിക്കപ്പെട്ടു.

(c) 2019 ൽ ടിയാരി കെ-ടെറ്റ് 1 പാസ്സായിട്ടുണ്ട്.

**3. ഹാരിസ് പി.**

(a) 2018-19 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിൽ 11.06.2018 തീയതിയിൽ എൽ.പി.എസ്.ടി. ആയി നിയമിക്കപ്പെട്ടു.

(b) ടിയാൻ 2019-ൽ കെ-ടെറ്റ് യോഗ്യത നേടിയിട്ടുണ്ട്.

(c) G.O.(P)No.199/2016/G.Edn dated 03.02.2016 പ്രകാരം അധിക തസ്തികയിൽ 1:1 അനുപാതം പാലിച്ചിട്ടില്ലാത്തതിനാൽ പ്രൊപ്പോസൽ നിരസിക്കപ്പെട്ടു.

**4. ഉമ്മുൽ ഫലൈല സി.**

(a) 2018-19 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിൽ 14.06.2018-ൽ യു.പി.എസ്.ടി. ആയി നിയമിക്കപ്പെട്ടു.

(b) ടിയാരി 2019-ൽ കെ-ടെറ്റ് 2 യോഗ്യത നേടിയിട്ടുണ്ട്.

(c) G.O.(P)No.199/2016/G.Edn dated 03.02.2016 പ്രകാരം അധിക തസ്തികയിൽ 1:1 അനുപാതം പാലിച്ചിട്ടില്ലാത്തതിനാൽ പ്രൊപ്പോസൽ നിരസിക്കപ്പെട്ടു.

**5. ഫാത്തിമത്ത് നിഷാബി കെ.കെ.**

(a) എൽ.ജി.ഹിന്ദി ടീച്ചറായിരുന്ന ശ്രീമതി.പി.കോമളവല്ലി 31.03.2018-ന് വിരമിച്ച ഒഴിവിൽ 01.06.2018 മുതൽ നിയമിക്കപ്പെട്ടു.

(b) തസ്തികനഷ്ടം മൂലം പുറത്തായിരുന്ന ശ്രീ.സുബ്രഹ്മണ്യനെ 2017-18 വർഷം ഹിന്ദിക്ക് അനുവദിച്ച അധിക തസ്തികയിൽ ടിയാനെ നേരത്തേ നിലനിർത്തിയിരുന്നുവെന്നും, ആയതിനാൽ ശ്രീമതി. ഫാത്തിമത്തിന്റെ നിയമനം 2017-18-ലെ അധിക തസ്തികയിലേ കണക്കാക്കാനാകുവെന്നും, 1:1 അനുപാതം പാലിച്ചിട്ടില്ലെന്നുമുള്ള കാരണങ്ങളാൽ ടി പ്രൊപ്പോസൽ നിരസിക്കപ്പെട്ടു.

(c) കെ-ടെറ്റ് യോഗ്യത നേടിയിട്ടുണ്ട്.

**6. ഷെഹർബാനു പി.**

(a) 31.03.2019-ന് യു.പി.എസ്.ടി. ശ്രീമതി.എം.ചന്ദ്രിക വിരമിച്ച ഒഴിവിൽ, അധിക തസ്തികയിൽ യു.പി.എസ്.ടി. ആയി നിയമിക്കപ്പെട്ട ശ്രീമതി. രാധികയെ ക്രമീകരിച്ചതുമൂലമുണ്ടായ ഒഴിവിൽ ടിയാരിയെ 06.06.2016 മുതൽ നിയമിച്ചു.

(b) അധിക തസ്തികയിലെ നിയമനമായതിനാൽ KER Chapter 21 ചട്ടം 7 പ്രകാരമുള്ള നിബന്ധനകൾ പാലിക്കാത്തതിനാൽ പ്രൊപ്പോസൽ നിരസിക്കപ്പെട്ടു.

**8.** 2015-16-ൽ LPST/UPST തസ്തിക നഷ്ടപ്പെട്ട അധ്യാപകരായ (LPST) ശ്രീമതിമാർ പി.രജനി, വി.രുഗ്മിണി കെ.പി.ശ്രീജ, UPST-മാരായ ശ്രീമതി. പി.ജി.പ്രീനാമോൾ, ശ്രീ.എം.ചന്ദ്രമോഹൻ എന്നിവരെ സംരക്ഷണാടിസ്ഥാനത്തിൽ നിലനിർത്തിയിരുന്നുവെന്നും, 03.12.2016-ലെ G.O.(P)No. 199/2016/GEDN, 26.02.2019-ലെ G.O.(P)No.3/2019/G.Edn, 08.03.2019-ലെ സർക്കുലർ നം. J2/57/2019/G.Edn എന്നിവയുടെ അടിസ്ഥാനത്തിൽ, 2016-17-ൽ ഉണ്ടായ 2 അധിക തസ്തികകളിൽ ചട്ടം 51 A അവകാശികളായ ശ്രീമതി.കെ.പി.ശ്രീജ(LPSA), ശ്രീമതി.പി.ജി.പ്രീനാമോൾ(UPSA) എന്നിവർക്ക് പുനർനിയമനം നൽകിയെന്നും, 2016-17 വർഷം അനുവദിച്ച HTV തസ്തികയിൽ ചട്ടം 51A proviso (ii) പ്രകാരം ശ്രീ.ചന്ദ്രമോഹനന് പുനർനിയമനം നൽകിയെന്നും, 2016-17-ൽ 2 LPST.മാർ വിരമിച്ചുവെന്നും, ശ്രീമതി. രാധികയ്ക്ക് LPST/UPST ആകാനുള്ള യോഗ്യതയുള്ളതിനാൽ ശ്രീ.പി.ബി.മുരളീധരൻ 31.05.2017-ൽ വിരമിച്ച LPST തസ്തികയിൽ 08.06.2017 മുതൽ ക്രമീകരിച്ച് നിയമനം നൽകണമെന്നും, ശ്രീമതി. അജിതയ്ക്ക് LPST/UPST ആകാനുള്ള യോഗ്യതയുള്ളതിനാൽ ശ്രീ.രാജഗോപാലൻ പി. 30.06.2017-ൽ വിരമിച്ച LPST ഒഴിവിൽ 10.06.2017 മുതൽ ക്രമീകരിച്ച് നിയമനം നൽകണമെന്നും, 1936-ൽ ആരംഭിച്ച സ്കൂളായതിനാലും പുതിയ സ്കൂളുകളുടെ ഗണത്തിൽപ്പെടാത്തതിനാലും, 2016-17-ൽ 5 സംരക്ഷിത അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളതിനാലും 2018-19-ൽ അനുവദിച്ച അധിക LPST തസ്തികയിൽ ശ്രീ.ഹാരിസ് പി.ക്ക് 15.06.2018 മുതൽ നിയമനാംഗീകാരം നൽകണമെന്നും, ശ്രീമതി. ഉമ്മുൽ ഫലൈലയ്ക്ക് LPST/UPST ആകാനുള്ള യോഗ്യതയുള്ളതിനാൽ 2018-19-ൽ ഉണ്ടായ അധിക LPST.യിലോ UPST.യിലോ 15.06.2018 മുതൽ നിയമനം ക്രമീകരിച്ച് അംഗീകാരം നൽകണമെന്നും, 2017-18-ൽ പുതുതായി അനുവദിച്ച എൽ.ജി. (ഹിന്ദി) ടീച്ചർ തസ്തികയിൽ ചട്ടം 51 A അവകാശിയും സംരക്ഷിതാദ്ധ്യാപകനുമായ ശ്രീ.സുബ്രഹ്മണ്യനെ നിയമിച്ചിട്ടുള്ളതിനാൽ, ശ്രീമതി. കോമളവല്ലി വിരമിച്ച ഒഴിവിൽ ശ്രീമതി. ഫാത്തിമത് നിഷാബി കെ.കെ.യ്ക്ക് 01.06.2018 മുതൽ എൽ.ജി.(ഹിന്ദി) ടീച്ചർ ആയി നിയമനാംഗീകാരം നൽകണമെന്നും, യു.പി.എസ്.എ. നിയമനത്തിന് യോഗ്യതയുള്ള ശ്രീമതി. ഷഹർബാനു പി.ക്ക് ശ്രീമതി.ചന്ദ്രിക എം. യു.പി.എസ്.എ. 31.03.2019-ൽ വിരമിച്ച ഒഴിവിൽ 06.06.2019 മുതൽ യു.പി.എസ്.എ ആയി നിയമനാംഗീകാരം നൽകണമെന്നും മാനേജരുടെയും ഹർജിക്കാരുടെയും പ്രതിനിധികൾ വാദിക്കുന്നു. സ.ഉ.(പി)4/2021/പൊ.വി.വ. തീയതി 06.02.2021 പ്രകാരമുള്ള സത്യവാങ്മൂലം മാനേജർ സമർപ്പിച്ചിട്ടുണ്ടെന്നും, എന്നാൽ 2019-20 വരെയുള്ള ഒഴിവുകളിൽ എല്ലാ ഹർജിക്കാർക്കും നിയമനാംഗീകാരം നൽകുന്നതിനുള്ള ഒഴിവുകളും യോഗ്യതകളും ഉള്ളതിനാൽ, ടി സത്യവാങ്മൂലത്തിന്റെ ആവശ്യകതയില്ലെന്നും മാനേജർ വാദിക്കുന്നു.

**9.** ശ്രീമതി. രാധികയെ 2017-18 വർഷത്തെ UPST തസ്തികയിലുള്ള റിട്ടയർമെന്റ് ഒഴിവിൽ നിയമനതീയതിയായ 08.06.2017 തീയതി മുതൽ UPST ആയി നിലനിർത്താമെന്നും, ശ്രീമതി. അജിതയെ 2018-19-ലെ അധിക UPST തസ്തികയിലും, ശ്രീ.ഹാരിസിനെ 2018-19-ലെ അധിക LPST തസ്തികയിലും, ശ്രീമതി. ഉമ്മുൽ ഫലൈലയെ 2019-20-ലെ അധിക LPST തസ്തികയിലും, ശ്രീമതി. ഫാത്തിമത് നിഷാബിയെ 2018-19-ലെ അധിക എൽ.ജി.(ഹിന്ദി) തസ്തികയിലും, ശ്രീമതി. ഷെഹർബാനുവിനെ 2017-18-ലെ അധിക UPST തസ്തികയിൽ വിരമിക്കൽ മൂലമുള്ള ഒഴിവിൽ 06.06.2019 മുതലും നിയമനം നൽകാവുന്നതാണെന്ന് മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹിയറിംഗ് വേളയിൽ അഭിപ്രായപ്പെടുകയും, മറ്റ് വിദ്യാഭ്യാസ ഓഫീസർമാർ ടി അഭിപ്രായം ശരിവയ്ക്കുകയും ചെയ്തു.

**10.** ടി വസ്തുതകൾ പരിശോധിച്ചതിൽ നിന്നും, ടി സ്കൂളിൽ തസ്തികനഷ്ടം മൂലം പുറത്തു പോകേണ്ടിവന്ന അധ്യാപകരെയും സംരക്ഷിതാധ്യാപകരെയും വേണ്ടവണ്ണം

ക്രമീകരിക്കാതെ പുതിയ നിയമനങ്ങൾ നടത്തിയ മാനേജരുടെ നടപടിയാണ് അധ്യാപകരെ ഈ സ്ഥിതിയിലെത്തിച്ചത് എന്ന് കാണുന്നു.

**11.** മേൽ സാഹചര്യത്തിൽ, തച്ചനാട്ടുകര ലെഗസി എ.യു.പി. സ്കൂളിലുണ്ടായ ഒഴിവുകളും തസ്തികകളും കൃത്യമായി തിട്ടപ്പെടുത്തി, ഹർജിക്കാരെ അവർ നിയമിക്കപ്പെട്ട തസ്തികകളിൽ നിയമന തീയതി മുതൽ നിലനിർത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് ടിയാളുകളെ ചട്ടപ്രകാരം, ഭിന്നശേഷി സംവരണം സംബന്ധിച്ചും മറ്റുമുള്ള കോടതി വിധികൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, നിയമിക്കുവാനും; മാനേജരുടെ ക്രമപ്രകാരമല്ലാത്ത നിയമന നടപടികൾ മൂലം, ടി അധ്യാപകരെ പുന:ക്രമീകരിക്കുമ്പോൾ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുകയാണെങ്കിൽ ആയത് മാനേജരിൽ നിന്നും ഈടാക്കി അധ്യാപകർക്ക് നൽകുവാനും; ചട്ടപ്രകാരമല്ലാതെ മാനേജർ നടത്തുന്ന നിയമനങ്ങൾ ഗൗരവമായി കണ്ട്, നിയമനകാര്യങ്ങളിൽ ഇനിയും വീഴ്ചകൾ ഉണ്ടായാൽ മാനേജർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി പാലക്കാട് തച്ചനാട്ടുകര ലെഗസി എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. രാധിക. സിയും മറ്റുള്ളവരും ചേർന്ന് സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുന:പരിശോധനാ ഹർജി (Ext.P14) തീർപ്പാക്കി അപ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (2) വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതുവിദ്യഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട്.
മാനേജർ, ലെഗസി എ.യു.പി. സ്കൂൾ, തച്ചനാട്ടുകര, നട്ടുകാൽ,
പാലക്കാട്-678583
പ്രഥമാദ്ധ്യാപിക, ലെഗസി എ.യു.പി. സ്കൂൾ, തച്ചനാട്ടുകര,
നട്ടുകാൽ, പാലക്കാട്-678583
ശ്രീമതി. രാധിക സി., അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ
ലെഗസി എ.യു.പി. സ്കൂൾ, തച്ചനാട്ടുകര, നട്ടുകാൽ, പാലക്കാട്-678583
ശ്രീമതി. അജിത സി., അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ
ലെഗസി എ.യു.പി. സ്കൂൾ, തച്ചനാട്ടുകര, നട്ടുകാൽ, പാലക്കാട്-678583
ശ്രീ. ഹാരിസ് പി., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ
ലെഗസി എ.യു.പി.സ്കൂൾ, തച്ചനാട്ടുകര, നട്ടുകാൽ, പാലക്കാട്-678583
ശ്രീമതി. ഉമ്മുൽ ഫലൈല സി. , അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ
ലെഗസി എ.യു.പി. സ്കൂൾ, തച്ചനാട്ടുകര, നട്ടുകാൽ, പാലക്കാട്-678583
ശ്രീമതി. ഫാത്തിമത്ത് നിഷാബി. കെ.കെ, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ, ലെഗസി

എ.യു.പി. സ്കൂൾ, തച്ചനാട്ടുകര, നട്ടുകാൽ, പാലക്കാട്-678583

ശ്രീമതി. ഷഹർബാനു പി., അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ

ലെഗസി എ.യു.പി. സ്കൂൾ, തച്ചനാട്ടുകര, നട്ടുകാൽ, പാലക്കാട്-678583

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),

തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 08-02-2023 14:13:29

സെക്ഷൻ ഓഫീസർ